(സി) അത്യാഹിത വിഭാഗം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ട്രോമാ കെയർ സെന്റർ പണി പൂർത്തിയായി വരുന്നു. ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജ് സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. കാമ്പസിലെ റോഡുകളുടെയും അഴുക്കുചാലുകളുടെയും പുനർനിർമ്മാണം നടന്നു വരുന്നു.

(ഡി) ഇപ്പോൾ തന്നെ ഇ.എൻ.ടി. പി.ജി. കോഴ്സുകൾ നടത്തുന്നുണ്ട്.

(ഇ) ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) 1.37 കോടി രൂപ ചെലവു വരുന്ന കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കാനുദ്ദേശിക്കുന്നു. ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

നെടുമ്പന ടി.ബി. ആശുപത്രിയെ ജില്ലാ ടി.ബി. ആശുപത്രിയാക്കാൻ നടപടി

138 [1614] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പന ടി. ബി. ആശുപത്രിയുടെ വികസനത്തിനുവേണ്ടി നൽകിയിട്ടുള്ള നിവേദനങ്ങൾക്കുമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നെടുമ്പന ടി.ബി. ആശുപത്രിയെ ജില്ലാ ടി.ബി. ആശുപത്രിയായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമ്പന ടി.ബി. ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുകയും ഒഴിവുള്ള തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപടികൾ പരിഗണനയിലാണ്.

ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

139 [1615] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly